# ചോദ്യശേഖരം

# സാമൂഹ്യശാസ്ത്രം –I

സ്റ്റാന്റേർഡ് X

തയാറാക്കിയത്:

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം, കേരളം

## ചോദ്യപേപ്പർ തയ്യാറാക്കുമ്പോൾ

സാമൂഹ്യശാസ്ത്രം - I, II പാഠപുസ്തകങ്ങളിലെ അദ്ധ്യായങ്ങൾ മുൻനിർത്തി തയ്യാറാക്കിയ ചോദ്യങ്ങളാണ് ചോദ്യശേഖരത്തിൽ ഉള്ളത്. ഓരോ അദ്ധ്യായത്തിലും ഉൾപ്പെടുത്തിയ പ്രധാന ആശയങ്ങൾ, ധാരണ കൾ ഇവ കുട്ടികൾ മനസ്സിലാക്കിയിട്ടുണ്ടോ എന്ന് വിലയിരുത്താൻ പര്യാ പ്തമായ വിവിധ തരത്തിലുള്ള ചോദ്യങ്ങളാണ് ഓരോ അദ്ധ്യായത്തിലും ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരേ ആശയമേഖലയിൽ നിന്ന് ഒന്നിലേറെ ചോദ്യ ങ്ങളുണ്ട്. ഒന്നാം ടേം പരീക്ഷക്ക് നൽകിയിരുന്ന ചോദ്യശേഖരത്തിൽ ഉൾപ്പെടാത്ത എല്ലാ അദ്ധ്യായങ്ങളിൽ നിന്നും ചോദ്യങ്ങൾ ചോദ്യശേഖര ത്തിലുണ്ട്. ചോദ്യപേപ്പർ തയ്യാറാക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കണം.

- രണ്ടാം ടേം പരീക്ഷയിൽ ഉൾപ്പെടുത്തിയ പാഠഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി വേണം ചോദ്യപേപ്പർ തയ്യാറാക്കാൻ
- ചോദ്യങ്ങൾ ഉൾപ്പെടുത്തുമ്പോൾ അവയിൽ മാറ്റം വരുത്തരുത്. ചോദ്യ ത്തിന്റെ ഒരു ഭാഗം മാത്രമോ ചിത്രങ്ങൾ ഒഴിവാക്കിയോ ചോദ്യം ഉൾപ്പെ ടുത്തരുത്.
- എല്ലാ അദ്ധ്യായങ്ങളിൽ നിന്നും പ്രാധാന്യമനുസരിച്ച് ചോദ്യങ്ങൾ ഉൾപ്പെടുത്തണം.
- വിവിധ തരം (Type) ചോദ്യങ്ങൾ ഉൾപ്പെടുത്തി വേണം ചോദ്യപേപ്പർ തയ്യാറാക്കാൻ.
- ചോദ്യപേപ്പറിൽ ഉൾപ്പെടുത്തുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതാൻ വേണ്ട സമയം പരിഗണിച്ചുവേണം ചോദ്യങ്ങളുടെ എണ്ണവും തരവും തീരുമാനിക്കേണ്ടത്.

# യൂണിറ്റ് : 1

# ആധുനിക ലോകത്തിന്റെ ഉദയം

1. ഇന്ത്യാ സമുദ്രലോകം കേന്ദ്രമായി നിലനിന്നിരുന്ന വാണിജ്യ സാംസ്കാരിക വിനിമയം മദ്ധ്യധരണ്യാഴി ലോകം കയ്യടക്കിയത് എങ്ങിനെ? 2 സ്കോർ

---

2. ഗ്രെക്കോ-റോമൻ കാലത്തും ഫ്യൂഡൽകാല ഘട്ടത്തിലും മദ്ധ്യധരണ്യാഴി ദേശത്തെ ജനങ്ങൾക്ക് ആവശ്യമായ ഉല്പന്നങ്ങൾ എത്തിച്ചിരുന്ന രണ്ട് വാണിജ്യമാർഗ്ഗങ്ങൾ ഏവ? 1 സ്കോർ

---

3. മധ്യകാലഘട്ടത്തിൽ, ഇറ്റലിയിൽ നിരവധി കച്ചവട നഗരങ്ങൾ ഉയർന്നു വരാനുണ്ടായ സാഹചര്യങ്ങൾ എന്തൊക്കെ? 3 സ്കോർ

---

4. 14 ഉം 15 ഉം നൂറ്റാണ്ടുകളിൽ ഉണ്ടായ വ്യാപാരവികസനം ഇറ്റലിയിൽ പ്രാദേശിക ഭാഷയുടെ വികാസ വികസനത്തിന് വഴിതെളിച്ചു. ഇത് ഇറ്റലിയുടെ പുത്തൻ ഉണർവിനെ സഹായിച്ചതെങ്ങിനെ? 4 സ്കോർ

---

5. പ്രാചീന റോമാ സാമ്രാജ്യത്തിന്റെ പതനശേഷം 14-ാം നൂറ്റാണ്ടോടെ ഇറ്റാലിയൻ നഗരങ്ങളായ വെനീസ്, മിലാൻ, പിസ ഫ്ളോറൻസ് തുടങ്ങിയവ വിജ്ഞാനത്തിന്റെയും കലയുടെയും ശാസ്ത്രത്തിന്റെയും കേന്ദ്രങ്ങളായി മാറിയത് എങ്ങനെയെന്ന് വ്യക്തമാക്കുക? 4 സ്കോർ

---

6. ഇറ്റലിയിലും ഇതരയൂറോപ്യൻ രാജ്യങ്ങളിലും രൂപപ്പെട്ട നവോത്ഥാനകാലത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നുവെന്ന് പട്ടികപ്പെടുത്തുക? 4 സ്കോർ

---

7. ലോകോത്തരങ്ങളായ സാഹിത്യസൃഷ്ടികളുടെ കാര്യത്തിലും ചിത്രകലാരംഗത്തും നവോത്ഥാനകാലത്തെ സംഭാവനകൾ ഇന്നും സവിശേഷമാർന്നു നിൽക്കുന്നു. നവോത്ഥാന കാലത്തെ സാഹിത്യം, കല എന്നീ രംഗങ്ങളിലെ മാറ്റത്തെപ്പറ്റി ലഘുകുറിപ്പ് തയാറാക്കുക? 4 സ്കോർ

---

8. നവോത്ഥാനകാല ആശയങ്ങൾ പാശ്ചാത്യസഭയുടെ പരിഷ്കരണശ്രമങ്ങൾക്ക് തുടക്കം കുറിച്ചു. ജർമ്മനി സ്വിറ്റ്സർലാൻഡ്, ഫ്രാൻസ് എന്നീ രാജ്യങ്ങളിലുണ്ടായ മതനവീകരണ ശ്രമങ്ങൾ എന്തെല്ലാമായിരുന്നു? അതിന്റെ നേതാക്കന്മാർ ആരെല്ലാമായിരുന്നു? 3 സ്കോർ

---

9. ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളുടെ ഫലമായി യൂറോപ്യന്മാർ ഏഷ്യ, ആഫ്രിക്ക, തെക്കെ അമേരിക്ക എന്നീ വൻകരകളിലെ രാജ്യങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയത്? കുറിപ്പ് തയാറാക്കുക ? 5 സ്കോർ

---

10. 15 ഉം 16 ഉം നൂറ്റാണ്ടുകളിൽ യൂറോപ്യൻ ഭരണാധികാരികളെ ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളിലേക്കും പര്യവേഷണങ്ങളിലേക്കും നയിച്ച സാഹചര്യങ്ങൾ എന്ത്? ഏതെങ്കിലും മൂന്നെണ്ണം പ്രതിപാദിക്കുക. 3 സ്കോർ

---

11. നവോത്ഥാനകാലഘട്ടത്തിലുണ്ടായ ശാസ്ത്രപുരോഗതിക്ക് നേതൃത്വം നൽകിയ പ്രശസ്തരായ മൂന്ന് ശാസ്ത്രജ്ഞന്മാരെയും അവരുടെ സംഭാവനകളെക്കുറിച്ചും ലഘു കുറിപ്പ് തയാറാക്കുക? 3 സ്കോർ

---

12. ജ്ഞാനോദയമാണ് അന്വേഷണങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും വേണ്ടിയുള്ള ശാസ്ത്രീയ രീതി സാർവ്വത്രികമാക്കിയത്. ലോകജനതയുടെ ചിന്താധാരയിലും പ്രവർത്തനങ്ങളിലും സ്വാധീനം ചെലുത്തിയ ഇക്കാലത്തെ ചിന്തകന്മാർ സാമൂഹികമാറ്റത്തിന് വഴിതെളിച്ചതെങ്ങിനെ? 3 സ്കോർ

---

13. മധ്യകാല യൂറോപ്പിൽ നിലനിന്നിരുന്ന നാടുവാഴി ഭരണത്തിൽ നിന്നും വ്യത്യസ്തമായ ഒരു ഭരണരീതി ഇറ്റാലിയൻ നഗരങ്ങളിൽ രൂപപ്പെട്ടത് എങ്ങിനെ? 2 സ്കോർ

---

14. ആധുനിക യുഗത്തിന്റെ വെള്ളിനക്ഷത്രം പടിഞ്ഞാറ് ഉദിക്കാൻ ഇടയായത് വാണിജ്യ-സാംസ്കാരികവിനിമയം മധ്യധരണ്യാഴി ലോകം കൈയ്യടക്കിയതോടു കൂടിയാണ്. ഈ പ്രസ്താവനയെ തെളിവുകളുടെ അടിസ്ഥാനത്തിൽ സാധൂകരിക്കുക? 4 സ്കോർ

---